# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **869** — **11/3/2015**-ൽ മറുപടിക്ക്

## ചേർത്തല താലൂക്കിലെ ജപ്പാൻകുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.തിലോത്തമൻ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ചേർത്തല താലൂക്കിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കണക്ഷനുകൾ എത്ര എണ്ണം ഇതിനോടകം നൽകിക്കഴിഞ്ഞുവെന്ന് പറയാമോ; അപേക്ഷകരിൽ എല്ലായാളുകൾക്കും കുടിവെള്ള കണക്ഷൻ നൽകാൻ ചേർത്തലയിൽ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് പറയാമോ;<br>(ബി) ചേർത്തല താലൂക്കിൽ കുടിവെള്ള കണക്ഷന് അപേക്ഷിച്ചിരിക്കുന്ന മുഴുവൻ ആളുകൾക്കും എപ്പോൾ കണക്ഷൻ നൽകാനാവുമെന്ന് പറയാമോ; | (എ) & (ബി) ചേർത്തല താലൂക്കിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ 31803 കണക്ഷനുകൾ ഇതിനോടകം നൽകിക്കഴിഞ്ഞു. കുടിവെള്ള കണക്ഷനുവേണ്ടി രേഖകൾ ഹാജരാക്കി കണക്ഷൻ ഫീസ് ഒടുക്കിയ നാളിതുവരെയുള്ള എല്ലാ അപേക്ഷകർക്കും കണക്ഷൻ നൽകിയിട്ടുണ്ട്. |
| (സി) ജപ്പാൻ കുടിവെള്ള കണക്ഷനുവേണ്ടി നിലവിൽ ചേർത്തലയിൽ അപേക്ഷ സ്വീകരിക്കുന്നുണ്ടോ എന്ന് പറയാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; കുടിവെള്ള കണക്ഷന് അപേക്ഷ നൽകുമ്പോൾ റോഡ് ക്രോസ്സ് ചെയ്ത് ലൈൻ വലിക്കേണ്ട കേസുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി കക്ഷികൾ വാങ്ങി നൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; ഇത് പ്രായോഗികമാണോ; ഇത്തരത്തിൽ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന നിർദ്ദേശങ്ങൾ നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ എന്നു പറയാമോ? | (സി) സ്വീകരിക്കുന്നുണ്ട്.<br>കുടിവെള്ള കണക്ഷന് റോഡ് ക്രോസിംഗ്/ സൈഡ് കട്ടിംഗ് ചെയ്ത് ലൈൻ വലിക്കേണ്ട കേസുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി കക്ഷികൾ വാങ്ങി നൽകേണ്ടതില്ല. എന്നാൽ റോഡ് ക്രോസ് ചെയ്ത് ലൈൻ വലിക്കുമ്പോഴുണ്ടാകുന്ന ടാർ കട്ടിംഗിനുള്ള ചെലവ് ഉപഭോക്താവ് വഹിക്കേണ്ടിവരുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/